BCDIR/333/2022-A1

I/72628/2022


പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in


**BCDIR/333/2022-A1** തീയതി :21-12-2022

ഭരണഭാഷ – മാതൃഭാഷ

<u>വിജ്ഞാപനം</u>

<u>ബാർബർഷോപ്പ് നവീകരണ പദ്ധതി 2022-23</u>

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തു വരുന്ന മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന "ബാർബർ ഷോപ്പ് നവീകരണത്തിനുള്ള ധനസഹായം" എന്ന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ടവരും പരമ്പരാഗതമായി ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം.

<u>അപേക്ഷകർക്കുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.</u>

1. അപേക്ഷകൻ സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
2. അപേക്ഷകൻ കേരളീയനായിരിക്കണം
3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്
4. അർഹരായ അപേക്ഷകർക്കുള്ള പരമാവധി ഗ്രാന്റ് 25000/- രൂപ ആയിരിക്കും.
5. അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായപരിധി 60 വയസ്സാണ്.
6. ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരോ അവരുടെ കുടുംബാംഗങ്ങളോ അപേക്ഷിക്കേണ്ടതില്ല.
7. ഗ്രാമപ്രദേശങ്ങളിൽ ബാർബർഷോപ്പ് നടത്തുന്നവർക്ക് മുൻഗണന നൽകുന്നതാണ്.
8. അപേക്ഷാ ഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
9. പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിച്ച പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന (ഗ്രാമപഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ) സെക്രട്ടറിക്ക് 16.01.2023 ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.</u>

- ജാതി തെളിയിക്കുന്ന രേഖ (ജാതി സർട്ടിഫിക്കറ്റ്/നോൺക്രീമീലെയർ സർട്ടിഫിക്കറ്റ്/എസ്.എസ്.എൽ.സി)
- വരുമാന സർട്ടിഫിക്കറ്റ്
- തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയം ഭരണ സ്ഥാപന ചെയർമാൻ മുഖേനയോ, പ്രസിഡന്റിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്)
- റേഷൻ കാർഡിന്റെ പകർപ്പ്

- സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ
- ആധാർ കാർഡിന്റെ പകർപ്പ്
- കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/വാടക കരാറിന്റെ പകർപ്പ്
- ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്

<u>അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധികൃതർ സ്വീകരിക്കേണ്ട നടപടികൾ</u>

സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അപേക്ഷാഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം അർഹമായ മാർക്ക് നൽകി ആകെ ലഭ്യമായ അപേക്ഷകരുടെ മുൻഗണനാ ക്രമം നിശ്ചയിച്ചതിനു ശേഷം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ ടി പട്ടിക അംഗീകാര വിധേയമാക്കി പട്ടികയും അപേക്ഷകളും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. മേൽപ്രകാരമുള്ള മുൻഗണനാ പട്ടിക അനുസരിച്ചായിരിക്കും ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയെന്നതിനാൽ പരമാവധി കൃത്യമായ പട്ടിക തയ്യാറാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി 16.01.2023. തദ്ദേശ സ്വയം ഭരണ സെക്രട്ടറിമാർ അപേക്ഷകളും മുൻഗണനാ പട്ടികകളും ചുവടെ ചേർക്കുന്ന മേൽവിലാസത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 31.01.2023 നകം ലഭ്യമാക്കേണ്ടതാണ്.

| തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല | അപേക്ഷ അയക്കേണ്ട ഓഫീസ് മേൽവിലാസം |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്,<br>റ്റി. കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്,<br>കപ്പലണ്ടിമുക്ക്, മുണ്ടയ്ക്കൽ, കൊല്ലം - 691001<br>ഫോൺ -0474 2914417 |
| ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്,<br>സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്,<br>എറണാകുളം- 682030<br>ഫോൺ -0484 2429130 |
| തൃശ്ശൂർ, മലപ്പുറം, പാലക്കാട് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്,<br>കെ.ടി.വി ടവേഴ്സ്, യാക്കര<br>പാലക്കാട് - 678001<br>ഫോൺ -0491 2505663 |
| കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്,<br>സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട്- 673020.<br>ഫോൺ - 0495 2377786 |

(ഒപ്പ്)

ഡയറക്ടർ

I/72628/2022

<u>പകർപ്പ്</u>

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഗവ. പ്രിൻസിപ്പൽ ഡയറക്ടർ, ഏകോപിത തദ്ദേശ സ്വയം ഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
5. ഡയറക്ടർ, എൽ.എസ്.ജി.ഡി, (റൂറൽ)(ഉപരിപത്രം സഹിതം)
6. ഡയറക്ടർ, എൽ.എസ്.ജി.ഡി, (അർബൻ) (ഉപരിപത്രം സഹിതം)
7. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, പി.വി.വി.വ
8. മാനേജർ, ഐ.ടി വിഭാഗം, പി.വി.വി.വ
9. നോട്ടീസ് ബോർഡ്
10. കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rophin K R
Date: 22-12-2022 12:21:07
Reason: Approved

Break the Chain

ഫോട്ടോ

കേരള സർക്കാർ

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

# ബാർബർഷോപ്പ് നവീകരണ ഗ്രാന്റിനുള്ള അപേക്ഷാ ഫാറം 2022-23

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | |
| 2 | അച്ഛൻ/അമ്മയുടെ പേര് | | |
| 3 | a) സ്ഥിരം മേൽവിലാസം<br><br>ഫോൺ നമ്പർ : | b) ഇപ്പോഴത്തെ മേൽവിലാസം<br><br>ഫോൺ നമ്പർ : | |
| 4 | വയസ്സ്/ജനന തീയതി | | |
| 5 | (a) ജാതി (b) മതം | a) | b) |
| 6 | കുടുംബ വാർഷിക വരുമാനം | | |
| 7 | ഇലക്ഷൻ തിരിച്ചറിയൽ കാർഡ്നമ്പർ | | |
| 8 | ആധാർ നമ്പർ | | |
| 9 | റേഷൻ കാർഡ് നമ്പർ (നിർബന്ധം) | | APL / BPL |
| 10 | അപേക്ഷകൻ താമസിക്കുന്ന തദ്ദേശ ഭരണ പ്രദേശത്തിന്റെ പേര് | | |
| 11 | നിയമസഭാ മണ്ഡലം | | |
| 12 | ബാർബർഷോപ്പ് സ്ഥിതി ചെയ്യുന്ന തദ്ദേശ ഭരണ പ്രദേശത്തിന്റെ പേര് | ഗ്രാമപഞ്ചായത്ത് / മുൻസിപ്പാലിറ്റി | കോർപ്പറേഷൻ |
| 13 | തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് നമ്പർ | | |
| 14 | എത്ര വർഷമായി ടി ജോലി ചെയ്യുന്നു | | |
| 15 | കടയിൽ നിലവിലെ സീറ്റുകളുടെ എണ്ണം | | |
| 16 | സ്വന്ത കെട്ടിടമോ /വാടക കെട്ടിടമോ | | |
| 17 | കെട്ടിട നമ്പർ | | |

| | | |
|---|---|---|
| 18 | കുടുംബാംഗങ്ങളുടെ എണ്ണം (റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം) | |
| 19 | കുടുംബത്തിൽ ഭിന്നശേഷി ഉള്ളവർ ഉണ്ടോ? | |
| 20 | ഉണ്ടെങ്കിൽ ശേഷിയുടെ തരം | |
| 21 | കുടുംബത്തിൽ മാരക രോഗങ്ങൾ ബാധിച്ചവർ ഉണ്ടോ? | |
| 22 | ഉണ്ടെങ്കിൽ രോഗം/വിശദാംശം | |

## സത്യപ്രസ്താവന

അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും, എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നോ, ഇതര സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആവശ്യത്തിന് ആനുകൂല്യമൊന്നും തന്നെ ലഭ്യമായിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി : അപേക്ഷകന്റെ പേരും, ഒപ്പും

==========================================================================

## മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ഉപയോഗത്തിന്

തീയതി

സ്ഥലം (ഓഫീസ് സീൽ) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

ജാതി സർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയംഭരണ സ്ഥാപന ചെയർമാൻ/പ്രസിഡന്റിൽ നിന്നോ സെക്രട്ടറിയിൽനിന്നോ വാങ്ങാവുന്നതാണ്), റേഷൻ കാർഡിന്റെ പകർപ്പ്, സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ്, കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ / വാടക ചീട്ടിന്റെ പകർപ്പ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

# തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ശിപാർശ

.................................................................. ഗ്രാമപഞ്ചായത്തിൽ/ മുൻസിപ്പാലിറ്റിയിൽ/ കോർപ്പറേഷനിൽ ................................................... നമ്പരായി പ്രവർത്തിക്കുന്ന ബാർബർഷോപ്പിന്റെ ഉടമ ശ്രീ ....................................................................... നെ സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബാർബർഷോപ്പ് നവീകരണ പദ്ധതിക്കുള്ള ഗുണഭോക്താവായി ശിപാർശ ചെയ്യുന്നു.

തീയതി

സ്ഥലം (ഓഫീസ് സീൽ)

സെക്രട്ടറിയുടെ ഒപ്പും
ഡെസിഗ്നേഷൻ സീലും

## തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡവും മാർക്കും

| | | | ലഭ്യമായ മാർക്ക് |
|---|---|---|---|
| ബി .പി .എൽ കുടുംബം | - | 20 | .............................. |
| രണ്ടു പെൺകുട്ടികൾ ഉള്ള കുടുംബം | - | 10 | .............................. |
| രണ്ടിൽ കൂടുതൽപെൺകുട്ടികൾ | - | 10 | .............................. |
| മൂന്നു സീറ്റിൽ താഴെ ( ബാർബർഷോപ്പിൽ ) | - | 15 | .............................. |
| ഭിന്നശേഷി ഉള്ളവർ | - | 20 | .............................. |
| 10-15 വർഷത്തെ പ്രവൃത്തി പരിചയം | - | 6 | .............................. |
| 16-20 വർഷത്തെ പ്രവൃത്തി പരിചയം | - | 9 | .............................. |
| 20 വർഷത്തിന്മേൽ | - | 10 | .............................. |
| ആകെ | - | 100 ൽ | .............................. |

(ഒന്നിലേറെ പേർക്ക് തുല്യ മാർക്ക് കിട്ടുകയാണെങ്കിൽ കുടുംബ വാർഷിക വരുമാനം കുറഞ്ഞവർക്ക് മുൻഗണന)